A night watchman shall be appointed by the principal for the security of question papers. He/She shall be on duty from the time the chief superintendent leaves the school after duty till the time the chief superintendent relieves him from duty, the next working day.

XIV. Revaluation/Scrutiny And Photocopy of Answer Scripts

(a) The Directorate of General Education (Higher Secondary) provides the candidates the opportunity to get their answer scripts re-valued and scrutinized for those papers without double valuation. Photocopies of the valued answer scripts are also issued on request. This facility is available for all TE examinations conducted by the Directorate. If there is any dissatisfaction or complaint regarding valuation, the candidate should apply for revaluation within the specified time limit. The Directorate will not entertain written request for revaluation or award of scores from any candidate who did not avail the opportunity to get their answer scripts revalued by submitting proper application with prescribed fee within the time frame.

(b) Notification for Revaluation/ Scrutiny /Photocopy shall be issued after the publication of the results of each examination.

(c) Application in the prescribed format shall be submitted to the Principals of the Examination centre where the candidate registered for the Examination before the last date. Format of the application form is available in the web portal .

(d) Details of Fee

a) Revaluation – Rs. 500/- per paper
b) Scrutiny – Rs. 100/- per paper
c) Photocopy – Rs. 300/- per paper

(e) Students who got changes in scores after Revaluation/Scrutiny shall submit application for new certificate/scoresheet along with the old certificate/scoresheet in original before the school principal concerned and the principal shall verify and submit the same to the Directorate at the earliest. On getting the application and certificate/scoresheet from the principal, new certificate/scoresheet will be issued to the school concerned after verification.The Fee for revaluation will be refunded if the revaluation score exceeds 10% or above of the original score. Revaluation fees collected from students by principals of government-aided schools must be kept in the PD account. For students of government-aided schools who secure an increase of 10% or more in marks following revaluation, the amount paid as fees should be refunded from the PD account; the remaining balance must then be remitted to the treasury (under Head of Account: 0202-01-102-97(03) - Other Receipts).

(f) The request for refund should be submitted to the Principal. In the case of unaided school students the request for refund should be submitted to the Directorate through the principals concerned.

(g) The facility for Revaluation, Scrutiny and Photocopy shall not be available for Practical Evaluation.

(h) Belated applications for Revaluation and Scrutiny will not be considered.

(i) Fee for application for Photocopy of answer scripts of all examinations conducted in 2027, submitted after the last date prescribed shall be Rs. 1000/– per paper.

j) Application for Photocopy of answer scripts received after one year from the date of publication of result will not be considered.

XV. CONCESSIONS TO DIFFERENTLY – ABLED CANDIDATES WITH SPECIAL NEEDS

Applications for concessiton to eligible differently abled candidates shall be submitted with necessary documents to the respective Regional Deputy Director, Higher Secondary Education through principal before 15/01/2027.

XVI. GRACE MARK

Grace marks will be awarded as per government decisions and orders. The maximum grace mark that can be allotted to a subject is limited to raising the score of that subject to 90%.The grace mark awarded to each subjects shall be shown separately in the certificate/score sheet. Grace Mark will not be awarded for improvement examinations.

XVII. Cancellation of registration

A candidate who has registered as a regular candidate for the second year higher secondary examination can apply for the cancellation of the examination registration. The application for cancellation, *(Annexure– 6 of HSE Manual 2022)* recommended by the Principal of the school, along with the original chalan for remittance of the prescribed fee, shall be submitted to the Secretary before the publication of the result of the examinations concerned. Cancellation shall be granted observing the following norms.

1. Cancellation of registration shall be done as per the request of the candidate through the authority concerned and a certificate in this regard will be issued as per norms.
2. Once a candidate's registration is cancelled, his/her next appearance shall be treated as the first appearance.
3. The first year scores of a candidate, applying for cancellation of registration of second year examination, shall be retained.
4. Cancellation of the first year higher secondary examination shall be granted only as a part of course cancellation.
5. Cancellation shall not be granted to the first year improvement/supplementary/second year SAY/improvement examinations.

XVIII. Migration Certificate

Migration certificates shall be issued to all candidates who become eligible for higher studies at the higher secondary examination without applying for the same. Candidates who fail to become eligible for higher studies shall also be issued migration certificate on submitting separate applications(Annexure – 29 of HSE Manual 2022). Candidates applying for duplicate migration certificate shall submit an application in the prescribed format (Annexure – 30 of HSE manual 2022) along with the required documents and chalan for the prescribed fees.

XIX. Double Valuation

Double valuation are conducted for the valuation of answer scripts of the second year Physics, Chemistry and Mathematics (Science and Technical stream) papers, the scores of which are reckoned while preparing the rank list for admission to various professional courses. There shall be no revaluation facility for these papers.

XX. Scheme Finalization Camp, 2027

Prior to the commencement of Centralised Valuation Camps, a scheme finalization camp/online scheme finalization will be conducted to finalise the Scheme of Valuation and the valuation will be based on the finalized scheme of valuation prepared thus and the same will be published in the higher secondary portal for the awareness of students also. Teachers who are willing to participate in the scheme finalization camp should express their willingness at the time of teacher data collection through online. Circular in this regard will be published in the Higher Secondary portal in due course. Teachers selected for scheme finalization camp are not permitted to decline (relinquish) the appointment. Such teachers will not be considered for appointment in Scheme Finalisation Camps in future.

Sd/-
Sri.ARUN K VIJAYAN IAS
CHAIRMAN
BOARD OF HIGHER SECONDARY EXAMINATIONS, KERALA,
Housing Board Buildings, Santhi Nagar, Thiruvananthapuram -1.
&
DIRECTOR OF GENERAL EDUCATION
JAGATHY, Thiruvananthapuram 14.

Sd/-
Dr.K.MANICKARAJ
SECRETARY
BOARD OF HIGHER SECONDARY EXAMINATIONS, KERALA
&
JOINT DIRECTOR [EXAMINATIONS]
Directorate of General Education (Higher Secondary)
Housing Board Buildings, Santhi Nagar, Thiruvananthapuram -1.

വിജ്ഞാപനം

HSE/28013/2026-Exam II-1 തീയതി:**12/11/2026**

വിഷയം:- 2027- ലെ ഒന്നും രണ്ടും വർഷ ഹയർ സെക്കന്ററി ,ഒന്നാം വർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെൻറ്/സപ്ലിമെൻററി പരീക്ഷ, മാർച്ച് 2027 പരീക്ഷാ വിജ്ഞാപനം.

സൂചന :- 1. സ.ഉ.(സാധാ.) നം. 394/2022 പൊ.വി.വ. തീയതി 18.01.2022
2. സ.ഉ.(സാധാ.) നം. 2600/2023 പൊ.വി.വ. തീയതി 26.04.2023
3. സ.ഉ.(സാധാ.) നം. 1708/2025 പൊ.വി.വ. തീയതി 01.03.2025
4. സ.ഉ.(സാധാ.) നം. 7680/2025 പൊ.വി.വ. തീയതി 29.09.2025
5. സ.ഉ.(സാധാ.) നം. 8989/2025 പൊ.വി.വ. തീയതി 27.10.2025
6. സ.ഉ.(സാധാ.) നം. 5545/2026 പൊ.വി.വ. തീയതി 21.08.2026.

ഹയർ സെക്കന്ററി പരീക്ഷാ ബോർഡ് 2027 – ൽ ചുവടെ ചേർക്കുന്ന ഹയർസെക്കന്ററി പരീക്ഷകൾ നടത്തുന്നു.

1. **രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷ, മാർച്ച് 2027**
2. **ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷ, മാർച്ച് 2027**
3. **രണ്ടാം വർഷ ഹയർ സെക്കന്ററി സേ/ഇംപ്രൂവ്മെൻറ് പരീക്ഷ, ജൂൺ 2027**
4. **ഒന്നാം വർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെൻറ്/സപ്ലിമെൻററി പരീക്ഷ 2027**

I.രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷ, മാർച്ച് 2027

A. **2027 മാർച്ചിലെ രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷയിലെ ഇനങ്ങൾ –**

1. **നിരന്തര മൂല്യനിർണ്ണയം (സി.ഇ.),**
2. **പ്രായോഗിക മൂല്യനിർണ്ണയം (പി.ഇ.),**
3. **ആത്യന്തികമൂല്യനിർണ്ണയം (ടി.ഇ.)**

1. **നിരന്തര മൂല്യനിർണയം (സി ഇ)**

1. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട പഠനപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് നിരന്തര മൂല്യനിർണ്ണയ സ്കോറുകൾ നിർണയിക്കപ്പെടുന്നത്.
2. രണ്ടാം വർഷം എല്ലാ വിഷയത്തിനും നിരന്തര മൂല്യനിർണയത്തിനു വിധേയരായ വിദ്യാർത്ഥികൾക്ക് മാത്രമേ രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്കു രജിസ്റ്റർ ചെയ്യുവാൻ യോഗ്യതയുണ്ടായിരിക്കുകയുള്ളൂ

2. **പ്രായോഗിക മൂല്യനിർണ്ണയം (പി ഇ)**

1. പാഠ്യപദ്ധതിക്കനുസരിച്ച് രണ്ടാം വർഷ അവസാനം പ്രായോഗിക മൂല്യനിർണ്ണയം നടത്തുന്നതാണ്.
2. ആദ്യമായി രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ(റെഗുലർ) നിർബന്ധമായും പ്രായോഗിക പരീക്ഷ ഉള്ള വിഷയങ്ങളുടെ പ്രായോഗിക മൂല്യനിർണ്ണയത്തിന് ഹാജരാകണം.
3. ആത്യന്തിക മൂല്യനിർണ്ണയത്തിന് മിനിമം സ്കോർ നേടിയിട്ടുള്ള വിദ്യാർത്ഥി പ്രായോഗിക മൂല്യനിർണ്ണയത്തിന് ഹാജരാകാതിരുന്നാൽ ടിയാന് തൊട്ടടുത്ത് വരുന്ന സേ/ഇംപ്രൂവ്മെൻറ് പരീക്ഷയിലെ പി ഇക്ക് മാത്രമായി പങ്കെടുക്കാവുന്നതാണ്. ഇത്തരം വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ സേ/ഇംപ്രൂവ്മെൻറ് പരീക്ഷയിലെ ടി ഇ ക്കും പി ഇ ക്കും പങ്കെടുക്കാവുന്നതാണ്.

4. ഒരു വിദ്യാർത്ഥിക്ക് പ്രായോഗിക മൂല്യനിർണ്ണയത്തിന് ഒരിക്കൽ മാത്രമെ ഹാജരാകാൻ കഴിയുകയുള്ളൂ. അവർ പ്രായോഗിക മൂല്യനിർണ്ണയത്തിന് ഹാജരായപ്പോൾ ലഭിച്ചിട്ടുള്ള സ്കോർ, തുടർ പരീക്ഷാഫലത്തോടൊപ്പം ചേർക്കുന്നതാണ്. പ്രായോഗിക മൂല്യനിർണ്ണയ സ്കോർ മെച്ചപ്പെടുത്താൻ അവസരം ഉണ്ടായിരിക്കുന്നതല്ല.

3.ആത്യന്തിക മൂല്യനിർണ്ണയം (ടി ഇ)

ഓരോ വിഷയത്തിനും **200** സ്കോർ എന്ന സ്കീം പ്രകാരമുള്ള ആത്യന്തിക മൂല്യനിർണയം മാത്രമാണ് നിലവിലുള്ളത്.

1. ഓരോ വിഷയത്തിനും ഒന്നാംവർഷത്തിലേതും രണ്ടാം വർഷത്തിലേതും ചേർത്ത് പരമാവധി സ്കോർ **200** ആണ്.
2. ഒന്നും രണ്ടും വർഷത്തെ മൊത്തം സ്കോർ കണക്കിലെടുത്തായിരിക്കും വിദ്യാർത്ഥിക്ക് ഓരോ വിഷയത്തിനും ലഭിക്കേണ്ട ഗ്രേഡ് നിർണ്ണയിക്കുക.
3. ഉന്നതപഠനത്തിന് യോഗ്യതനേടാൻ എല്ലാവിഷയത്തിനും **D+** ഗ്രേഡോ അതിനു മുകളിലോ ലഭിച്ചിരിക്കണം. ഓരോ വിഷയത്തിനും D+ ഗ്രേഡ് ലഭിക്കാൻ രണ്ടു വർഷങ്ങളുടേയും മൊത്തം സ്കോറിൻറെ **30% (60** സ്കോർ) നേടിയിരിക്കണം. ഇതിനുപുറമെ തിയറിക്കു മാത്രമായി രണ്ടു വർഷങ്ങളുടേതും കൂടി **30%** സ്കോറും നേടിയിരിക്കണം. അതായത് പ്രായോഗിക മൂല്യനിർണ്ണയമുള്ള വിഷയങ്ങൾക്ക് **36** സ്കോറും പ്രായോഗിക മൂല്യനിർണ്ണയമില്ലാത്ത വിഷയങ്ങൾക്ക് **48** സ്കോറും തിയറിക്കു മാത്രമായി നേടിയിരിക്കണം.
4. മ്യൂസിക്കിന് **D+** ഗ്രേഡ് ലഭിക്കുന്നതിന് തിയറിക്കും പ്രായോഗിക മൂല്യനിർണ്ണയത്തിനും പ്രത്യേകമായി **30%** സ്കോർ (**24** സ്കോർ വീതം) ലഭിച്ചിരിക്കണം.
5. ഈ സ്കീമിൽ ബയോളജിയ്ക്ക് D+ ഗ്രേഡ് ലഭിക്കുന്നതിന് സുവോളജി, ബോട്ടണി എന്നിവയ്ക്ക് പ്രത്യേക മിനിമം സ്കോർ ആവശ്യമില്ല.
6. രണ്ടാം വർഷ പരീക്ഷയിൽ ഒരു വിഷയത്തിൻറെ യോഗ്യത നിർണ്ണയിക്കുന്നതിന് ഒന്നാം വർഷ പരീക്ഷയിലും രണ്ടാം വർഷ പരീക്ഷയിലും ഹാജർ നിർബന്ധമാണ്.

B. രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള യോഗ്യത

ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾക്കാണ് രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷക്ക് രജിസ്റ്റർ ചെയ്യാനുള്ള യോഗ്യതയുള്ളത്.

1. രണ്ടാം വർഷത്തിലേക്ക് പ്രൊമോട്ട് ചെയ്യപ്പെട്ട എല്ലാ സ്കൂൾ ഗോയിംഗ്, സ്കോൾ കേരള വിദ്യാർത്ഥികൾക്കും രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ അവർ എല്ലാ വിഷയങ്ങൾക്കും നിരന്തരമൂല്യ നിർണയത്തിന് വിധേയരായിരിക്കണം. നിരന്തരമൂല്യ നിർണയത്തിന് വിധേയരാകാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ റദ്ദാകുന്നതാണ്.

2. 2026 ഒക്ടോബറിൽ നടന്ന ഒന്നാം വർഷ ഹയർ സെക്കന്ററി ഇംപ്രൂവ്മെൻറ്/സപ്ലിമെൻററി പരീക്ഷക്ക് രജിസ്റ്റർ ചെയ്യുകയും പരീക്ഷ എഴുതുകയും, ഒന്ന് രണ്ട് വർഷങ്ങളിലെ എല്ലാ വിഷയങ്ങൾക്കും നിരന്തര മൂല്യനിർണയത്തിന് വിധേയരാകുകയും ചെയ്ത ലാറ്ററൽ എൻട്രി വിഭാഗം വിദ്യാർത്ഥികൾക്ക് രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. ഒന്നും രണ്ടും വർഷങ്ങളിലെ പരീക്ഷയെഴുതുന്ന എല്ലാ വിഷയങ്ങൾക്കും നിരന്തര മൂല്യനിർണയത്തിന് വിധേയരാകുകയും 2026 ഒക്ടോബറിൽ നടന്ന ഒന്നാം വർഷ ഹയർ സെക്കന്ററി ഇംപ്രൂവ്മെൻറ്/സപ്ലിമെൻററി പരീക്ഷക്ക് രജിസ്റ്റർ ചെയ്യുകയും പരീക്ഷ എഴുതുകയും ചെയ്ത സ്പെഷ്യൽ കാറ്റഗറി വിദ്യാർത്ഥികൾക്ക് രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

4. രണ്ടാം വർഷ പരീക്ഷ മുൻപ് എഴുതാൻ കഴിയാത്ത പ്രൈവറ്റ് ഏൗ കോഴ്സ് വിദ്യാർത്ഥികൾക്ക് ഒന്നാം വർഷ പരീക്ഷ എഴുതിയിട്ടുണ്ടെങ്കിലോ 2026 ഒക്ടോബറിൽ നടന്ന ഒന്നാം വർഷ ഹയർ സെക്കന്ററി

ഇംപ്രൂവ്മെൻറ്/സപ്ലിമെൻററി പരീക്ഷ എഴുതിയിട്ടുണ്ടെങ്കിലോ രണ്ടാം വർഷ പരീക്ഷക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. യോഗ്യതയുള്ള ഒരു വിദ്യാർത്ഥിയേയും ഡയറക്ടറുടെ പ്രത്യേക ഉത്തരവില്ലാതെ പരീക്ഷയെഴുതുന്നതിൽ നിന്നും തടയരുത്.

6. സ്കൂൾ ഗോയിംഗ് വിഭാഗത്തിൽപ്പെട്ടവർക്ക് 75% ത്തിൽ കുറയാത്ത ഹാജർ നില ഉണ്ടായിരിക്കണം. മതിയായ കാരണങ്ങളാൽ ഹാജർ കുറവുണ്ടെങ്കിൽ നിയമങ്ങൾക്ക് വിധേയമായി ഇളവ് അനുവദിക്കുന്നതാണ്.

7. <u>പ്രത്യേക വിഭാഗം വിദ്യാർത്ഥികൾ</u>

ഏതെങ്കിലും ഒരു വിഷയ കോമ്പിനേഷനിൽ രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുകയും കോഴ്സ് പൂർത്തിയാകുകയും ചെയ്ത വിദ്യാർത്ഥികൾക്ക് മറ്റൊരു വിഷയ കോമ്പിനേഷനിൽ ഹയർ സെക്കൻറി പരീക്ഷ എഴുതാവുന്നതാണ്. ഇത്തരം വിദ്യാർത്ഥികൾ പുതിയ കോമ്പിനേഷൻ തെരഞ്ഞെടുക്കുമ്പോൾ പഴയ കോമ്പിനേഷനിൽ എഴുതി വിജയിച്ച വിഷയങ്ങൾ എഴുതേണ്ടതില്ല. ഇവർ സ്കോൾ കേരള വഴി രജിസ്റ്റർ ചെയ്യുകയും CE,PE,TE എന്നിവ നിയമാനുസൃതം അഭിമുഖീകരിക്കുകയും ചെയ്യേണ്ടതാണ്.

NB – ഒന്നാം വർഷ ഹയർസെക്കൻറി പരീക്ഷയോ ഒന്നാം വർഷ ഇംപ്രൂവ്മെൻറ്/സപ്ലിമെൻററി പരീക്ഷയിലോ ഒന്നാം വർഷത്തെ എല്ലാ വിഷയങ്ങളും എഴുതിയിട്ടുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ രണ്ടാം വർഷ ഹയർസെക്കൻറി പരീക്ഷക്ക് രജിസ്റ്റർ ചെയ്യാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

II. ഒന്നാം വർഷ ഹയർ സെക്കൻറി പരീക്ഷ – മാർച്ച് 2027

A. 2027 മാർച്ചിലെ ഒന്നാംവർഷ ഹയർസെക്കൻറി പരീക്ഷയിലെ ഇനങ്ങൾ –

1. നിരന്തര മൂല്യനിർണ്ണയം (സി.ഇ.)
2. ആത്യന്തിക മൂല്യനിർണ്ണയം (ടി.ഇ.)

1) നിരന്തര മൂല്യനിർണയം (സി ഇ)

1. മൻകൂട്ടി നിശ്ചയിക്കപ്പെട്ട പഠനപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് നിരന്തര മൂല്യനിർണ്ണയസ്കോറുകൾ നിർണയിക്കപ്പെടുന്നത്.
2. എല്ലാ വിഷയങ്ങൾക്കും നിരന്തര മൂല്യനിർണയത്തിനു വിധേയരായ വിദ്യാർത്ഥികൾക്ക് മാത്രമേ ആത്യന്തിക വാർഷിക മൂല്യനിർണ്ണയത്തിനു ഹാജരാകാൻ യോഗ്യതയുള്ളൂ.

2) ആത്യന്തിക മൂല്യനിർണ്ണയം (ടി ഇ)

1. ഒന്നാം വർഷ ഹയർ സെക്കൻറി ആത്യന്തിക മൂല്യനിർണ്ണയം ഇതോടൊപ്പം ചേർത്തിട്ടുള്ള ടൈംടേബിൾ പ്രകാരം നടത്തുന്നതാണ്.
2. ഒന്നാം വർഷ പരീക്ഷക്ക് ലഭിക്കുന്ന സ്കോറുകൾ രണ്ടാം വർഷ പരീക്ഷയുടെ സ്കോറിനോട് ചേർത്ത് ലഭിക്കുന്ന ഗ്രേഡിൻറെ അടിസ്ഥാനത്തിലായിരിക്കും ഉന്നതവിദ്യാഭ്യാസത്തിനുള്ള യോഗ്യത നിർണ്ണയിക്കപ്പെടുന്നത്.
3. ഒന്നാം വർഷ ഹയർസെക്കൻറി പരീക്ഷയുടെ ഓരോ വിഷയത്തിനും പ്രത്യേകമായി ഗ്രേഡോ നിശ്ചിത സ്കോറോ നേടിയിരിക്കണമെന്നില്ല. ഓരോ വിഷയത്തിനും ലഭിച്ച സ്കോറുകൾ സൂചിപ്പിക്കുന്ന സ്കോർ ഷീറ്റ് നൽകുന്നതായിരിക്കും.
4. ഒന്നാംവർഷം പ്രായോഗിക മൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല.
5. 2026–2027 അക്കാദമിക വർഷം ഹയർ സെക്കൻറി കോഴ്സിന് ഹയർ സെക്കൻറി സ്കൂൾ/ സ്കോൾ കേരള മുഖേന പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് 2027–ലെ ഒന്നാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്താൽ മാത്രമേ രണ്ടാം വർഷ പഠനം തുടരാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

6. എല്ലാ വിഷയങ്ങൾക്കും ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷ എഴുതുകയും രണ്ടാം വർഷ പഠനം പൂർത്തിയാക്കുകയും ചെയ്യുന്ന വിദ്യാർത്ഥികൾക്കു മാത്രമേ 2027 മാർച്ചിലെ രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

A. ഒന്നാം വർഷ ഹയർസെക്കന്ററി പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള യോഗ്യത

ചുവടെ ചേർത്തിരിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഒന്നാം വർഷ ഹയർസെക്കന്ററി പരീക്ഷക്ക് രജിസ്റ്റർ

ചെയ്യുന്നതിനുള്ള യോഗ്യത

I. 2026-2027 അധ്യയന വർഷത്തിൽ ഹയർസെക്കന്ററി കോഴ്സിന് പ്രവേശനം നേടിയവരും എല്ലാ വിഷയങ്ങൾക്കും നിരന്തര മൂല്യനിർണ്ണയത്തിന് വിധേയരാവുകയും ചെയ്ത വിദ്യാർത്ഥികൾക്ക് 2027 ലെ ഒന്നാംവർഷ ഹയർസെക്കന്ററി പരീക്ഷ എഴുതുവാൻ അർഹത ഉണ്ടായിരിക്കും. സി.ഇ.ക്ക് വിധേയരാകാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ക്യാൻസൽ ആകുന്നതാണ്.

II. സ്കൂൾ ഗോയിംഗ് വിഭാഗത്തിൽപ്പെട്ടവർക്ക് 75% ത്തിൽ കുറയാത്ത ഹാജർ നില ഉണ്ടായിരിക്കണം. മതിയായ കാരണങ്ങളാൽ ഹാജർ കുറവുണ്ടെങ്കിൽ നിയമങ്ങൾക്ക് വിധേയമായി ഇളവ് അനുവദിക്കുന്നതാണ്.

III. സപ്ലിമെൻററി വിദ്യാർത്ഥികൾ ഈ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതില്ല.

4) **<u>പ്രത്യേക വിഭാഗം വിദ്യാർത്ഥികൾ</u>**

ഏതെങ്കിലും ഒരു വിഷയ കോമ്പിനേഷനിൽ രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുകയും കോഴ്സ് പൂർത്തിയാകുകയും ചെയ്ത വിദ്യാർത്ഥികൾക്ക് മറ്റൊരു വിഷയ കോമ്പിനേഷനിൽ ഹയർ സെക്കന്ററി പരീക്ഷ എഴുതാവുന്നതാണ്. ഇത്തരം വിദ്യാർത്ഥികൾ പുതിയ കോമ്പിനേഷൻ തെരഞ്ഞെടുക്കുമ്പോൾ പഴയ കോമ്പിനേഷനിൽ എഴുതി വിജയിച്ച വിഷയങ്ങൾ എഴുതേണ്ടതില്ല. ഇവർ സ്കോൾ കേരള വഴി രജിസ്റ്റർ ചെയ്യുകയും CE,PE,TE എന്നിവ നിയമാനുസൃതം അഭിമുഖീകരിക്കുകയും ചെയ്യേണ്ടതാണ്.

<u>അഡീഷണൽ മാത്സ്</u>

സൂചന 3,4 സർക്കാർ ഉത്തരവ് പ്രകാരം ഹയർ സെക്കന്ററിയിൽ റെഗുലർ ആയി പരീക്ഷ എഴുതുന്ന മാത്തമാറ്റിക്സ് ഇല്ലാത്ത റഗുലർ കോമ്പിനേഷനിലെ വിദ്യാർത്ഥികൾക്ക് നിലവിലെ part 1 ഇംഗ്ളീഷ്, part 2 സെക്കന്റ് ലാംഗ്വേജ് , part 3 വിഷയങ്ങൾ എന്നിവ കൂടാതെ അഡീഷണൽ മാത്സ് കോമേഴ്സ് കൂടി സ്കോൾ കേരള വഴി രജിസ്റ്റർ ചെയ്തവർക്ക് അഡീഷണൽ മാത്സ് പരീക്ഷക്കായി ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ/നിർദ്ദേശങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.

- അഡീഷണൽ മാത്സിന് രജിസ്റ്റർ ചെയ്യപ്പെടുന്നവിദ്യാർത്ഥികൾക്ക് ടി വിഷയത്തിനുള്ള രജിസ്ട്രേഷൻ നിലവിൽ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയത്തിൽ തന്നെ നല്കുന്നതാണ്.

- രജിസ്റ്റർ ചെയ്യപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രായോഗിക പരീക്ഷ നടത്തുന്നതിന് സ്വന്തം സ്കൂളിൽ ലാബ് സൗകര്യം ഇല്ലാതെ വന്നാൽ പരീക്ഷാ സെക്രട്ടറി നിശ്ചയിക്കുന്ന പരീക്ഷാ കേന്ദ്രത്തിലായിരിക്കും പ്രായോഗിക പരീക്ഷ നടത്തുന്നത്.

- അഡീഷണൽ മാത്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് റഗുലർ വിഷയങ്ങളുടെ പരീക്ഷാ/സർട്ടിഫിക്കറ്റിനു പുറമേ ഒന്നാം വർഷത്തിനു തിയറിക്ക് 500/-രൂപ പരീക്ഷാഫീസും സർട്ടിഫിക്കറ്റ് ഫീസ് 40/- രൂപയും അടക്കേണ്ടതാണ്.
- അഡീഷണൽ മാത്സിന് പ്രത്യേകം സർട്ടിഫിക്കായിരിക്കും നല്കുക.
- ടി സർട്ടിഫിക്കറ്റ് റഗുലർ കോഴ്സ് സർട്ടിഫിക്കറ്റുമായിട്ട് കമ്പയിൻ ചെയ്ത് നല്കുന്നതല്ല.
- അഡീഷണൽ മാത്സിന് ഇംപ്രൂവ്മെൻറ് പരീക്ഷകൾ ഉണ്ടായിരിക്കുന്നതല്ല .
- ടി വിദ്യാർത്ഥികളുടെ ഒന്നും രണ്ടും വർഷ പരീക്ഷാ രജിസ്ട്രേഷൻ ക്യാൻസലേഷൻ നടത്തിയാൽ അഡീഷണൽ മാത്സിൻറെ പരീക്ഷാ രജിസ്ട്രേഷനും റദ്ദാകുന്നതാണ്.
- അഡീഷണൽ മാത്സിന് പ്രത്യേകം ഹാൾ ടിക്കറ്റ് നൽകുന്നതാണ്.

III.**രണ്ടാം വർഷ ഹയർസെക്കന്ററി സേ/ഇംപ്രൂവ്മെൻറ് പരീക്ഷ 2027**

1.2027–ലെ രണ്ടാം വർഷ പരീക്ഷാഫലത്തിന് ശേഷമായിരിക്കും ഈ പരീക്ഷ നടത്തുന്നത്.
2.പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രത്യേക വിജ്ഞാപനം സെക്രട്ടറി പുറപ്പെടുവിക്കുന്നതായിരിക്കും.
3. വിദ്യാർത്ഥിയുടെ സേ പരീക്ഷാഫലം കൂടി ചേർത്ത ഏകീകൃത സർട്ടിഫിക്കറ്റ് സേ പരീക്ഷയിൽ നൽകുന്നതാണ്.

രണ്ടാം വർഷ ഹയർസെക്കന്ററി സേ/ഇംപ്രൂവ്മെൻറ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള യോഗ്യത

1.2027 വർഷത്തെ രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് മാത്രമേ **2027** ലെ സേ/ഇംപ്രൂവ്മെൻറിന് രജിസ്റ്റർ ചെയ്യാനാകൂ.
2.രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് ഉപരിപഠനത്തിന് യോഗ്യത നേടാത്ത വിദ്യാർത്ഥികൾക്ക് അവർ യോഗ്യത നേടാത്ത എല്ലാ വിഷയങ്ങൾക്കും ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സേ പരീക്ഷക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.
a.CE,TE,PE എന്നിവയിൽ സ്കോർ കരസ്ഥമാക്കുകയും എന്നാൽ **D+** ഗ്രേഡ് നേടാനാകാതെ വരികയും ചെയ്ത വിദ്യാർത്ഥികൾക്ക് **TE** ക്ക് മാത്രമായി സേ പരീക്ഷക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.
b.CE, PE എന്നിവയിൽ സ്കോർ കരസ്ഥമാക്കുകയും എന്നാൽ **TE** പരീക്ഷ എഴുതാതിരിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്ക് **TE** ക്ക് മാത്രമായി സേ പരീക്ഷക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.
c.രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷയിൽ **CE,TE** സ്കോറുകൾ ഉള്ള വിദ്യാർത്ഥികൾ **PE** ക്ക് മാത്രം ആബ്സെൻറ് ആയെങ്കിൽ ആ വിദ്യാർത്ഥിക്ക് **PE** ക്ക് മാത്രമായി സേ പരീക്ഷക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ അതേ വിഷയത്തിൽ **TE** ക്ക് പ്രത്യേക മിനിമം സ്കോർ നേടിയിട്ടുണ്ടായിരിക്കണം.

3.രണ്ടാം വർഷ പരീക്ഷയെഴുതിയ റഗുലർ വിദ്യാർത്ഥികൾക്ക് അവരുടെ ഏതെങ്കിലും ഒരു വിഷയത്തിന്റെ സ്കോർ മെച്ചപ്പെടുത്താൻ തുടർന്നുവരുന്ന ഇംപ്രൂവ്മെൻറ് പരീക്ഷക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.
4.ഒരു വിദ്യാർത്ഥിക്ക് ഒരേ സമയം സേ പരീക്ഷക്കും ഇംപ്രൂവ്മെൻറ് പരീക്ഷയ്ക്കും പങ്കെടുക്കുവാൻ കഴിയുന്നതല്ല.

IV.**ഒന്നാം വർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെൻറ്/സപ്ലിമെൻററി പരീക്ഷ – 2027**

1)ഒന്നാം വർഷ ഹയർസെക്കന്ററി പരീക്ഷാ ഫലത്തിനു ശേഷം ഒന്നാം വർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെൻറ്/സപ്ലിമെൻററി പരീക്ഷ നടത്തുന്നതായിരിക്കും.
2)ഈ പരീക്ഷ ചുവടെ ചേർത്തിരിക്കുന്ന വിദ്യാർത്ഥികൾക്കായുള്ളതാണ്.
i) ഒന്നാം വർഷ പരീക്ഷ എഴുതിയ വിദ്യർത്ഥികൾക്ക് ഒന്നാം വർഷ വിഷയങ്ങളുടെ സ്കോർ മെച്ചപ്പെടുത്തുന്നതിന്
ii)ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷയിൽ ഹാജരാകാതിരുന്ന വിഷയങ്ങൾക്ക് ഈ പരീക്ഷയിൽ ഹാജരായി രണ്ടാം വർഷ രജിസ്ട്രേഷന് യോഗ്യത നേടുന്നതിന്.
iii)രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷയിൽ രജിസ്റ്റർ ചെയ്യാൻ ലാറ്ററൽ എൻട്രി വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കുന്നതിന്.
3)ഈ പരീക്ഷയുടെ നടത്തിപ്പിനുള്ള വിജ്ഞാപനം പരീക്ഷ സെക്രട്ടറി പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.
4)രജിസ്റ്റർ ചെയ്ത എല്ലാ പരീക്ഷാർത്ഥികൾക്കും സ്കോർ രേഖപ്പെടുത്തികൊണ്ടുള്ള സ്കോർ ഷീറ്റ് നല്കുന്നതാണ്.

ഒന്നാം വർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെൻറ്/സപ്ലിമെൻററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള യോഗ്യത

1)ഹയർ സെക്കന്ററി കോഴ്സിന്റെ രണ്ടാം വർഷം പഠിക്കുന്ന റഗുലർ വിദ്യർത്ഥികൾക്ക് ഒന്നാം വർഷത്തിലെ ഏതെങ്കിലും മൂന്ന് വിഷയത്തിൽ സ്കോർ മെച്ചപ്പെടുത്തുന്നതിന് ഈ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

2)ഹയർ സെക്കന്ററി കോഴ്സിൻറെ രണ്ടാം വർഷം പഠിക്കുന്ന റഗുലർ വിദ്യർത്ഥികൾക്ക് ഒന്നാം വർഷ ഹയസെക്കന്ററി പരീക്ഷയിൽ ഹാജരാകാതിരുന്ന വിഷയങ്ങൾക്ക് ഈ പരീക്ഷയിൽ ഹാജരായി രണ്ടാം വർഷ രജിസ്ട്രേഷന് യോഗ്യത നേടാവുന്നതാണ്. കൂടാതെ ഹാജരാകാതിരുന്ന പേപ്പറുകൾക്കായി രജിസ്റ്റർ ചെയ്യുമ്പോൾ ഏതെങ്കിലും മൂന്ന് പേപ്പറിൻറ സ്കോറുകൾ മെച്ചപ്പെടുത്തുന്നതിന് അവർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.
3)മറ്റു പരീക്ഷാ ബോർഡുകളിൽ നിന്നും രണ്ടാം വർഷ ഹയർ സെക്കന്ററി കോഴ്സിലേക്ക് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ലാറ്ററൽ എൻട്രി പരീക്ഷാർത്ഥികളായി എല്ലാ വിഷയങ്ങൾക്കും ഈ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതും ഹാജരാകേണ്ടതുമാണ്.
ടി വിദ്യാർത്ഥികൾക്ക് ഈ സപ്ലിമെൻററി പരീക്ഷ എഴുതിയാൽ മാത്രമേ 2028 ലെ രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഇവർ ഈ പരീക്ഷയ്ക്ക് മുമ്പ് ഒന്നാം വർഷ ഹയർ സെക്കന്ററി പാഠ്യപദ്ധതിയുടെ ഭാഗമായി എല്ലാ വിഷയത്തിനും നിരന്തര മൂല്യനിർണ്ണയത്തിന് വിധേയരാകേണ്ടതുമാണ്.

4)ഹയർ സെക്കന്ററി കോഴ്സ് പൂർത്തിയാക്കിയവർ മറ്റൊരു വിഷയ കോമ്പിനേഷനിൽ പ്രത്യേക വിഭാഗം വിദ്യാർത്ഥികളായി വീണ്ടും ഹയർസെക്കന്ററി പരീക്ഷ എഴുതുന്ന പക്ഷം അവർക്ക് ഹയർസെക്കന്ററി കോഴ്സിൻറെ രണ്ടാം വർഷം സ്കോൾ കേരള മുഖേന പ്രവേശനം നേടി ഈ ഹയർസെക്കന്ററി പരീക്ഷക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ പരീക്ഷാർത്ഥികൾ ആദ്യം പരീക്ഷ എഴുതി വിജയിച്ച വിഷയങ്ങൾ വീണ്ടും പരീക്ഷ എഴുതേണ്ടതില്ല.

5)കംപാർട്ട്മെൻറൽ വിഭാഗം വിദ്യാർത്ഥികൾക്ക് ഡി പ്ലസോ അതിനു മുകളിലോ ലഭിക്കാത്ത വിഷയങ്ങളിൽ ഒന്നാം വർഷമോ രണ്ടാം വർഷമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള പക്ഷം രണ്ടു വർഷത്തേക്കും അപേക്ഷിക്കാവുന്നതാണ്. ഒന്നാം വർഷ പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ ഒന്നാം വർഷ ഇംപ്രൂവ്മെൻറ് / സപ്ലിമെൻററി പരീക്ഷയ്ക്കൊപ്പവും, രണ്ടാം വർഷ പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ രണ്ടാം വർഷ പരീക്ഷയ്ക്കൊപ്പവും നടത്താവുന്നതാണ്. ഒന്നാം വർഷ പരീക്ഷയ്ക്ക മാത്രമായി രജിസ്റ്റർ ചെയ്യുന്ന കംപാർട്ടുമെൻറൽ വിദ്യാർത്ഥികൾക്ക് രണ്ടാം വർഷ പരീക്ഷയ്ക്ക് മുൻ വർഷങ്ങളിൽ ലഭിച്ച പരീക്ഷയുടെ ഏറ്റവും മികച്ച സ്കോർ നിലനിർത്തുന്നതാണ്. രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നവർക്ക് ഒന്നാം വർഷ പരീക്ഷകളിലെ വിഷയത്തിൻറെ മികച്ച സ്കോറും നിലനിർത്തുന്നതാണ്.

V. <u>പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള മാർഗരേഖ</u>

1. എല്ലാ റെഗുലറും ലാറ്ററൽ എൻട്രിയുമായ വിദ്യാർത്ഥികൾ നിശ്ചിത തീയതിയ്ക്കകം സ്കൂൾ ഓഫീസിൽ ഫീസടച്ച് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതാണ്.
2. സ്കോൾ കേരള വിദ്യാർത്ഥികൾ നിശ്ചിത അപേക്ഷാഫോമിൽ നിശ്ചിത തീയതിക്കകം പരീക്ഷയ്ക്കപേക്ഷിക്കേണ്ടതാണ്. സ്കോൾ കേരള വിദ്യാർത്ഥികൾ തങ്ങൾക്കനുവദിക്കപ്പെട്ട പരീക്ഷാകേന്ദ്രങ്ങളിലെ പ്രിൻസിപ്പലിനാണ് അപേക്ഷയും ഫീസും സമർപ്പിക്കേണ്ടത്.
3. കമ്പാർട്ടുമെൻറലായി എഴുതുന്ന വിദ്യാർത്ഥികളുടെ അപേക്ഷകൾ പരീക്ഷാഫീസിനോടൊപ്പം അവർ മുൻപ് പരീക്ഷ എഴുതിയ സ്കൂളിൽ സമർപ്പിക്കേണ്ടതാണ്.
4. പരീക്ഷാർത്ഥികളെ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടത് പ്രിൻസിപ്പാളാണ്.
5. ഫീസ് ഇളവുള്ള സ്കൂൾ ഗോയിംഗ് വിദ്യാർത്ഥികളുടെ പക്കൽ നിന്നും ആദ്യത്തെ ചാൻസിൽ പരീക്ഷാഫീസ് ഈടാക്കേണ്ടതില്ല.
6. ടി വിഭാഗം വിദ്യാർത്ഥികളുടെ ഫീസ് യഥാസമയം ബന്ധപ്പെട്ട വകുപ്പിൽ നിന്നും വാങ്ങി നിശ്ചയിക്കപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.
7. വിദ്യാർത്ഥികളിൽ നിന്നും ശേഖരിച്ച പരീക്ഷാഫീസ്, സർട്ടിഫിക്കറ്റ് ഫീസ്, ഫൈൻ എന്നിവ ബന്ധപ്പെട്ട രസീത് ബുക്കിൽ രേഖപ്പെടുത്തി രസീത് നല്കേണ്ടതാണ്. ടി തുക നിയമങ്ങൾക്കനുസൃതമായി പ്രിൻസിപ്പൽ ട്രഷറിയിൽ ഒടുക്കേണ്ടതും ചെല്ലാൻ ഓഡിറ്റിനായി സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്.

8. അപേക്ഷാഫോമിന്റെ മാതൃക ഹയർസെക്കന്ററി പോർട്ടലിൽ (www.dhsekerala.gov.in)ലഭ്യമാണ്. ഇത് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുകയോ അല്ലെങ്കിൽ സ്കൂൾ ഓഫീസിൽ നിന്ന് ലഭ്യമാകുന്ന ഫാറം ഉപയോഗിക്കുകയോ ചെയ്യാം.
9. സബ്സെൻറുകളിൽ/ക്ലബ്ഡ് സെൻറുകളിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ മെയിൻ സെൻററിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
10. പരീക്ഷാ കേന്ദ്രത്തിൽ മാറ്റം അനുവദിക്കുന്നതല്ല
11. നിശ്ചിത തീയതിയ്ക്ക ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.
12. ഡയറക്ടറേറ്റിൽ യാതൊരു കാരണവശാലും നേരിട്ട് അപേക്ഷ സ്വീകരിക്കുന്നതല്ല.
13. പൂരിപ്പിച്ച അപേക്ഷയിൽ തങ്ങളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കേണ്ടതും അത് സ്കൂൾ പ്രിൻസിപ്പാളിനെക്കൊണ്ട് അറ്റസ്റ്റ് ചെയ്യിക്കേണ്ടതുമാണ്.
14. സ്കോൾ കേരള വിദ്യാർത്ഥികൾ സ്കോൾ കേരളയിൽ നിന്നും ലഭിച്ച പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ, ഐഡൻറിറ്റി കാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നിശ്ചിത ഫീസിനൊപ്പം, സ്കോൾ കേരള അധികാരികൾ അവർക്ക് അനുവദിച്ചിട്ടുള്ള പരീക്ഷാ സെൻററിലെ പ്രിൻസിപ്പലിന് സമർപ്പിക്കേണ്ടതാണ്.
15. സ്കോൾ കേരള വിഭാഗത്തിലെ വിദ്യാർത്ഥികൾ രണ്ടാം വർഷ പരീക്ഷയ്ക്കപേക്ഷിക്കുമ്പോൾ ഒന്നാം വർഷ പരീക്ഷയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ പകർപ്പുകൂടി സമർപ്പിക്കേണ്ടതാണ്.
16. സ്കൂൾ ഗോയിംഗ് വിദ്യാർത്ഥികൾ, സ്കൂളിൽ അനുവദിച്ചിരിക്കുന്ന (അംഗീകൃത) വിഷയങ്ങൾക്കു മാത്രമേ പരീക്ഷയ്ക്കപേക്ഷിക്കാൻ പാടുള്ളൂ.
17. പരീക്ഷയ്ക്കപേക്ഷിച്ചിരുന്നാലും നിരന്തര മൂല്യനിർണയത്തിനു വിധേയരാകാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.
18. പരീക്ഷാഫീസ് അതാതുസ്കൂളിൽ നിശ്ചിത തീയതിക്കുമുൻപ് ഒടുക്കേണ്ടതാണ്, സ്കൂൾ പ്രിൻസിപ്പൽ അത് യഥാസമയം ട്രഷറിയിൽ ഒടുക്കി ചെലാൻ വാങ്ങി സൂക്ഷിക്കണം.ഒരിക്കൽ അടച്ച പരീക്ഷാഫീസ് തിരികെ നല്കുകയോ തുടർന്നുവരുന്ന പരീക്ഷ എഴുതുന്നതിനുള്ള ഫീസായി കണക്കാക്കുകയോ ഇല്ല.

ആത്യന്തിക മൂല്യനിർണ്ണയം

1.പ്രാഥമിക ക്രമീകരണങ്ങൾ

a) പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വേണ്ടുന്ന ക്രമീകരണങ്ങൾ ചീഫ് സൂപ്രണ്ട് ഒരുക്കേണ്ടതാണ്. താഴെ പറയുന്ന കാര്യങ്ങൾ ചീഫ് സൂപ്രണ്ട് ഉറപ്പുവരുത്തേണ്ടതാണ്.

b) പരീക്ഷ നടത്തുന്നതിന് മതിയായ മുറികളുടെ എണ്ണം, ഇൻവിജിലേറ്റർമാർക്ക് ആവശ്യമുള്ള മെറ്റീരിയൽ, ഉത്തരക്കടലാസുകളുടെ ശേഖരണവും പാക്കിംഗും, അധ്യാപകർക്കുള്ള വിശ്രമമുറി തുടങ്ങിയവ മുൻകൂട്ടി തയ്യാറാക്കേണ്ടതാണ്. ക്ലാസ് മുറികളും സ്കൂൾ പരിസരവും വൃത്തിയുള്ളതായിരിക്കണം

c) ചോദ്യപേപ്പറുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഇരട്ടപൂട്ടുള്ള അലമാരയും സ്ട്രോംഗ് റൂമും ക്രമീകരിക്കേണ്ടതാണ്.

d) സ്ട്രോംഗ് റൂം, ഉത്തരക്കടലാസുകളുടെ വിതരണം, ശേഖരണം, പാക്കിംഗ്, എന്നിവ നടത്തുന്ന മുറുകളിലും ക്രമക്കേട് ഒഴിവാക്കുന്നതിന് സി സി ടി വി സ്ഥാപിക്കേണ്ടതാണ്.

e) പരീക്ഷാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും പരീക്ഷാഹാളിലേക്ക് സുഗമമായി എത്തുന്നതിന് സഹായിക്കുന്നതിനായി പരീക്ഷാകേന്ദ്രത്തിലെ വിവിധ പരീക്ഷാഹാളുകളുടെ സ്ഥാനം വിശദീകരിക്കുന്ന ചാർട്ട് പ്രവേശന കവാടത്തിൽ സ്ഥാപിക്കേണ്ടതാണ്.

f) ടൈംടേബിളിൻറെ ഒരു പകർപ്പും പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങളും പ്രവേശന കവാടത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്. എല്ലാ ചീഫ് സൂപ്രണ്ടുമാരും **2022** ലെ പരീക്ഷാമാന്വൽ (അനക്സർ-***11)*** ൽ പറഞ്ഞിരിക്കുന്ന് റെഡി റെക്കനർ തയ്യാറാക്കേണ്ടതാണ്.

g) പരീക്ഷാകേന്ദ്രത്തിലെ മുൻവശത്തെ ഗേറ്റ് തുറന്നിരിക്കേണ്ടതും പുറത്ത് നിന്നുള്ളവരെ പരീക്ഷാ കേന്ദ്രത്തിൽ പ്രവേശിക്കുന്നതിന് വിലക്കുന്ന നോട്ടീസ് അവിടെ പ്രദർശിപ്പിക്കേണ്ടതുമാണ്.

h) പരീക്ഷയ്ക്ക് ആവശ്യമായ സ്റ്റേഷനറി ഉൾപ്പെടെയുള്ള എല്ലാ വസ്തുക്കളും വേണ്ടത്ര തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

i) പ്രധാന, അധിക, ബാർകോഡ് ചെയ്ത ഉത്തര പുസ്തകങ്ങളും സിവി കവറുകളും ആവശ്യത്തിന് സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

j) പരീക്ഷയുമായി ബന്ധപ്പെട്ട എല്ലാ ഫോമുകളും ഡൗൺലോഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. ഇരിപ്പിട ക്രമീകരണങ്ങൾ

1. ടെർമിനൽ മൂല്യനിർണ്ണയ ഹാളിനുള്ളിലെ സീറ്റിംഗ് ക്രമീകരണം സെക്രട്ടറി നൽകുന്നതാണ്.
2. 9X6 മീറ്റർ വിസ്തീർണ്ണമുള്ള ഹയർസെക്കന്ററി ക്ലാസ് മുറികൾ പരീക്ഷാ ഹാളായി ഉപയോഗിക്കണം. ഇത്തരം പരീക്ഷാഹാളുകളുടെ അഭാവത്തിൽ മാത്രമേ മറ്റ് ക്ലാസ്മുറികൾ ഉപയോഗിക്കാൻ പാടുള്ളൂ.
3. ഒരു കാരണവാശാലും ഒരേ വിഷയത്തിന് പരീക്ഷ എഴുതുന്ന പരീക്ഷാർത്ഥികൾ വളരെ അടുത്തടുത്ത് പരീക്ഷയ്ക്ക് ഇരിക്കുന്ന വിധത്തിൽ ഇരിപ്പിടം ക്രമീകരിക്കാൻ പാടില്ല.
4. പരീക്ഷ ആരംഭിക്കുന്നതിന് മുമ്പ് പരീക്ഷാഹാളിനുള്ളിൽ ആവശ്യമില്ലാത്ത ഫർണിച്ചർ, ഭിത്തിയിലെ പോസ്റ്ററുകൾ എന്നിവ നീക്കം ചെയ്യേണ്ടതാണ്.
5. ഓരോ പരീക്ഷാഹാളിലും ഇരിപ്പിട പദ്ധതി പരീക്ഷാഹാളിൽ പ്രദർശിപ്പിക്കണം. കൂടാതെ പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ അതാത് സീറ്റുകളിൽ പ്രദർശിപ്പിക്കുകയും വേണം.

3. രജിസ്റ്ററുകളുടെ പരിപാലനം

താഴെ പറയുന്ന രജിസ്റ്ററുകൾ എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും സൂക്ഷിക്കണം.

1. ചോദ്യപേപ്പറുകൾ സുരക്ഷിതമായി സൂക്ഷിക്കുന്ന അലമാര തുറക്കുന്നതും അടയ്ക്കുന്നതും സീൽ ചെയ്യുന്നതും രേഖപ്പെടുത്തുന്ന രജിസ്റ്റർ.
2. ചോദ്യപേപ്പർ കണക്ക് സൂക്ഷിക്കുന്ന രജിസ്റ്റർ.
3. പ്രധാന, അധിക, പ്രായോഗിക, ബാർകോഡഡ് ഉത്തരക്കടലാസുകൾ, സിവി കവർ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ.
4. ഇൻവിജിലേഷൻ ഡ്യൂട്ടിയുടെ രജിസ്റ്റർ.
5. വാച്ച്മാൻ ഡ്യൂട്ടി രജിസ്റ്റർ.
6. ദിവസേനയുള്ള സീറ്റിംഗ് ക്രമീകരണ രജിസ്റ്റർ.
7. ഉത്തരക്കടലാസുകളുടെ ഡെസ്പാച്ച് രജിസ്റ്റർ.
8. ഡെയ് ലി റിപ്പോർട്ട് രജിസ്റ്റർ.
9. ഇൻസ്പെക്ഷൻ രജിസ്റ്റർ.
10. ക്രമക്കേട് രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ.
11. വിദ്യാർത്ഥികളുടെ ആബ്സെൻറീസ് രജിസ്റ്റർ.
12. CWSN രജിസ്റ്റർ.

VII. പ്രിൻസിപ്പലിന്റെ ചുമതലകൾ

പ്രിൻസിപ്പൽ ചുവടെ ചേർത്തിരിക്കുന്നവ ചെയ്യേണ്ടതാണ്.

1. അപേക്ഷകരിൽ നിന്ന് പരീക്ഷാഫീസ് ശേഖരിക്കുകയും അവരെ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുകയും ചെയ്യുക.
2. ശേഖരിച്ച ഫീസ് ട്രഷറിയിൽ അടയ്ക്കുക. യഥാർത്ഥ ചെല്ലാൻ രസീത് ഓഡിറ്റിംഗിനായി സുരക്ഷിതമായി സൂക്ഷിക്കുക.
3. ചോദ്യപേപ്പർ ആവശ്യകത പരിശോധിച്ച് ആവശ്യമെങ്കിൽ വേണ്ട നടപടി സ്വീകരിക്കുക.
4. സ്കൂളിൽ വിതരണം ചെയ്ത എല്ലാ പരീക്ഷാ സാമഗ്രികളും സുരക്ഷിതമായി കസ്റ്റഡിയിൽ സൂക്ഷിക്കുക.
5. ഗ്രേസ് മാർക്ക് ലഭിക്കുന്നതിനും വിദ്യാർത്ഥികൾക്ക് മറ്റ് ഇളവുകൾ ലഭിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.
6. സി ഇ സ്കോർ പ്രസിദ്ധീകരിക്കുകയും കൃത്യതയോടെ അപ്ലോഡ് ചെയ്യുകയും ചെയ്യുക.
7. അഡ്മിഷൻ ടിക്കറ്റുകൾ കൃത്യമായി ഡൗൺലോഡ് ചെയ്ത് മേലൊപ്പ് ചാർത്തി വിതരണം നടത്തുക.
8. ക്ലർക്ക്, ഓഫീസ് അസിസ്റ്റൻറ്, നൈറ്റ് വാച്ച്മാൻ എന്നിവരെ നിയമിക്കുക.
9. പ്രായോഗിക മൂല്യനിർണ്ണയത്തിനായി ലാബ് അസിസ്റ്റൻറുമാരെയും ഇൻറേണൽ എക്സാമിനർമാരെയും നിയമിക്കുക.
10. എല്ലാ പരീക്ഷാർത്ഥികൾക്കും സ്കോർ ഷീറ്റുകൾ/സർട്ടിഫിക്കറ്റുകൾ, മൈഗ്രേഷൻ സർട്ടിഫിക്കറ്റ് മുതലായവ വിതരണം ചെയ്യുക.
11. പരീക്ഷാ നടത്തിപ്പിന് അനുവദിക്കുന്ന തുക ട്രഷറിയിൽ നിന്നും പിൻവലിക്കുകയും ആയത് പരീക്ഷാ നടത്തിപ്പിനായി ചീഫ് സൂപ്രണ്ടിന് കൈമാറുകയും ചെയ്യുക (ചീഫ് സൂപ്രണ്ടുംപ്രിൻസിപ്പാളും രണ്ട് പേരാണെങ്കിൽ)
12. പരീക്ഷാ സംബന്ധമായി ലഭിച്ച തുകകൾ സമയബന്ധിതമായി ക്രമപ്പെടുത്തുക.
13. പരീക്ഷാസംബന്ധമായി പരീക്ഷാ സെക്രട്ടറി നൽകുന്ന എല്ലാ നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.
14. പ്രത്യേക വിഭാഗം വിദ്യാർത്ഥികളുടെ അപേക്ഷകൾ ശേഖരിക്കുകയും പരിശോധിക്കുകയും കൺസോളിഡേറ്റഡ് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുക. ടി ലിസ്റ്റ് അവയുടെ പകർപ്പിനൊപ്പം സെക്രട്ടറിക്ക് അയയ്ക്കുക.
15. സ്കൂൾ ഗോയിംഗ് വിദ്യാർത്ഥികളുടെ വിവരങ്ങളിൽ തെറ്റ് ഉണ്ടെങ്കിൽ ആയത് ആദ്യം ഐ സി ടി സെല്ലിന്റെ ഡേറ്റാ ബേസിൽ തിരുത്തൽ വരുത്തി ആയതിൻറെ രേഖയും ചേർത്ത് ഹയർസെക്കന്ററി പരീക്ഷാ വിഭാഗത്തിലെ ഡേറ്റാ ബേസിൽ മാറ്റം വരുത്തുക.
16. സ്കോൾ കേരള വിദ്യാർത്ഥികളുടെ വിവരങ്ങളിൽ തെറ്റ് ഉണ്ടെങ്കിൽ ആയത് ആദ്യം സ്കോൾ കേരള ഡേറ്റാ ബേസിൽ മാറ്റം വരുത്തി ആയതിൻറെ രേഖയും ചേർത്ത് ഹയർസെക്കന്ററി പരീക്ഷാ വിഭാഗത്തിലെ ഡേറ്റാ ബേസിൽ മാറ്റം വരുത്തുക.
17. സി ഇ സ്കോറുകൾ ഇല്ലാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക. അഡ്മിഷൻ ടിക്കറ്റുകൾ ടി വിദ്യാർത്ഥികൾക്ക് നൽകാതിരിക്കുക.
18. ഹയർ സെക്കന്ററി iExam പോർട്ടലിൽ ലഭ്യമാക്കുന്ന നോമിനൽ റോൾ പരിശോധിച്ച് സ്കൂളിൽ നിന്നും പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി അന്തിമ പട്ടിക അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽതന്നെ അപ്ലോഡ് ചെയ്യുക.
19. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും സ്കൈബിനെ അനുവദിക്കുന്നതിനും ഏകീകൃത ഫോർമാറ്റ് ഉപയോഗിക്കേണ്ടതാണ്.
20. അഡ്മിഷൻ ടിക്കറ്റിൽ തെറ്റുകളില്ല എന്ന് ഉറപ്പുവരുത്തേണ്ടതും വിദ്യാർത്ഥികൾക്കു ലഭിച്ച അഡ്മിഷൻ ടിക്കറ്റ് മാറിയിട്ടില്ല എന്നുറപ്പു വരുത്തേണ്ടതുമാണ്.

21. തങ്ങളുടെ സ്കൂളിൽ രജിസ്റ്റർ ചെയ്ത മുഴുവൻ വിദ്യാർത്ഥികളുടെയും അഡ്മിഷൻ ടിക്കറ്റുകൾ ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുക.അഡ്മിഷൻ ടിക്കറ്റിൽ ഏതെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ ഉടൻതന്നെ ഡയറക്ടറേറ്റിലെ പരീക്ഷാ വിഭാഗത്തിൻറെ ശ്രദ്ധയിൽപ്പെടുത്തി സെക്രട്ടറിയുടെ രേഖാമൂലമുള്ള നിർദ്ദേശത്തിൻറെ അടിസ്ഥാനത്തിൽ തിരുത്തേണ്ടതുമാണ്.

22. നിരന്തര മൂല്യനിർണയത്തിനു വിധേയരാകാത്തവർക്ക് അവർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ കൂടി അഡ്മിഷൻ ടിക്കറ്റുകൾ നല്കരുത്.

23. തങ്ങളുടെ സ്കൂളിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ പരീക്ഷാഫലത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് പ്രിൻസിപ്പൽമാർ ഡയറക്ടറേറ്റുമായി ബന്ധപ്പെടേണ്ടതാണ്.

24. പരീക്ഷാഫല സർട്ടിഫിക്കറ്റുകൾ ലഭിച്ചാലുടൻ അത് പൂർണ്ണമായ പരിശോധനയ്ക്ക് ശേഷം ഓരോ സർട്ടിഫിക്കറ്റിലും നിശ്ചിത സ്ഥാനത്ത് പ്രിൻസിപ്പലിന്റെ ഒപ്പ്, പേര്, നിശ്ചിത വ്യാസത്തിലുള്ള സ്കൂൾ സീൽ, എന്നിവ പതിച്ചതിനുശേഷം കൗണ്ടർ ഫോയിലിൽ വിദ്യാർത്ഥികളുടെ കൈയ്യൊപ്പ് വാങ്ങി വിതരണം ചെയ്യേണ്ടതാണ്.

25. വിദ്യാർത്ഥികൾ പരീക്ഷാസംബന്ധമായ പരാതികളും സംശയങ്ങളും പ്രിൻസിപ്പൽമാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പ്രിൻസിപ്പൽമാർ നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി വിദ്യാർത്ഥികളുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തേണ്ടതുമാണ്, ആവശ്യമെങ്കിൽ പ്രിൻസിപ്പാൾ മാത്രം ഡയറക്ടറേറ്റിൽ ബന്ധപ്പെടേണ്ടതാണ്.

26. **നിരന്തര മൂല്യനിർണയ സ്കോർ, വിദ്യാർത്ഥികളുടെ ഡാറ്റ എന്നിവ യഥാസമയം അപ്ലോഡ് ചെയ്യാതിരുന്നാലുണ്ടാകാവുന്ന പ്രശ്നങ്ങളുടെ മുഴുവൻ ഉത്തരവാദിത്വവും അതത് പ്രിൻസിപ്പൽമാർക്കായിരിക്കും. അപ്ലോഡ് ചെയ്യേണ്ട നിരന്തരമൂല്യനിർണ്ണയത്തിൻറെ സ്കോറുകളുടെ പ്രിൻറൗട്ട് ഓരോ അദ്ധ്യാപകനും പരിശോധിക്കേണ്ടതും അത് വീണ്ടും പ്രിൻസിപ്പൽമാർ പരിശോധിക്കേണ്ടതുമാണ്. അപ്ലോഡ് ചെയ്ത സി ഇ സ്കോറിൽ യാതൊരുവിധ മാറ്റങ്ങളും അനുവദിക്കുന്നതല്ല. തിരുത്തലുകൾ ഒഴിവാക്കുന്നതിന് സി.ഇ സ്കോർ അപ്ലോഡ് ചെയ്യുന്നതിന് മുമ്പും ശേഷവും പ്രിൻറ് ഔട്ട് എടുത്ത് വിദ്യാർത്ഥികളുടെ ഒപ്പ് രേഖപ്പെടുത്തി ഒരു രജിസ്റ്ററാക്കി സൂക്ഷിക്കേണ്ടതാണ്.**

27. പരീക്ഷയെ സംബന്ധിക്കുന്ന എല്ലാ കൂറിപ്പുകളും, നിർദ്ദേശങ്ങളും സർക്കുലറുകളും ഹയർസെക്കന്ററി പോർട്ടൽ വഴി മാത്രം നല്കുന്നതാണ്. ഇതിനായി മറ്റ് കത്തിടപാടുകൾ ഉണ്ടായിരിക്കുന്നതല്ല. ആയതിനാൽ എല്ലാ സ്കൂൾ പ്രിൻസിപ്പൽമാരും എല്ലാ ദിവസവും ഹയർസെക്കന്ററി പോർട്ടൽ പരിശോധിക്കേണ്ടതാണ്. പ്രിൻസിപ്പൽമാർ പരീക്ഷയുമായി ബന്ധപ്പെട്ട സർക്കുലർ പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കേണ്ടതും അതിലെ നിർദ്ദേശങ്ങൾ യഥാസമയം പാലിക്കേണ്ടതുമാണ്. എല്ലാ നിർദ്ദേശങ്ങളും വിശദവിവരങ്ങളും യഥാസമയം വിദ്യാർത്ഥികളെയും അധ്യാപകരെയും അറിയിക്കേണ്ടതുമാണ്.

28. വിവിധ തരം അവശതയനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ആർ.ഡി.ഡിമാർക്ക് ഓൺലൈനായി യഥാസമയം സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട ആർ.ഡി.ഡിമാരിൽ നിന്നും അവശതയനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് കൈപ്പറ്റേണ്ടതുമാണ്.

29. ഹാജർ നിലയിലുള്ള കുറവുകൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ എല്ലാ കോളങ്ങളിലും ശരിയായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും, ആവശ്യമായ അനുബന്ധരേഖകൾ ഉൾപ്പെടുത്തേണ്ടതുമാണ്. പ്രിൻസിപ്പൽ, ഓരോ അപേക്ഷയും പരിശോധിച്ച് അപാകതകളില്ലെന്ന് ഉറപ്പുവരുത്തിയ ശേഷം ശുപാർശ ചെയ്ത് ബന്ധപ്പെട്ട മേഖലാ ഓഫീസിലേക്ക് അയയ്ക്കേണ്ടതാണ്. ഒന്നാം വർഷ വിദ്യാർത്ഥികളുടേയും രണ്ടാം വർഷ വിദ്യാർത്ഥികളുടേയും അപേക്ഷകൾ വേർതിരിച്ച് ഓരോ വർഷത്തിനും പ്രത്യേക ലിസ്റ്റ് സഹിതം നിശ്ചിത തീയതിക്കുള്ളിൽ അയയ്ക്കേണ്ടതാണ്. രണ്ടാംവർഷ വിദ്യാർത്ഥികൾക്ക് 31/12/2026വരെയുള്ള അധ്യയനദിനങ്ങൾ കണക്കിലെടുത്തും, ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് 31/01/2027 വരെയുള്ള അധ്യയനദിനങ്ങൾ കണക്കിലെടുത്തും ഹാജർ ശതമാനം കാണേണ്ടതാണ്. എല്ലാ അപേക്ഷയിലും ഈ കണക്ക് രേഖപ്പെടുത്തി വിദ്യാർത്ഥിയുടെ ഹാജർ ശതമാനം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഹാജർ ഇളവിന് യോഗ്യതയുള്ള വിദ്യർത്ഥികളുടെ അപേക്ഷകൾ വിശദമായി പരിശോധിച്ച് അപാകതകൾ ഒന്നുമില്ല എന്ന് ഉറപ്പാക്കിയിട്ടുമാത്രമേ അവ ശുപാർശ ചെയ്ത് ആർ.ഡി.ഡി ഓഫീസിലേയ്ക്ക് നൽകാവൂ. മതിയായ ഹാജർ നില ഇല്ലാത്ത വിദ്യാർത്ഥികളെയും ഹാജർ

ഇളവ് ഉത്തരവ് ലഭിക്കാത്ത വിദ്യാർത്ഥികളെയും പരീക്ഷയ്ക്കിരിക്കുവാൻ അനുവദിക്കരുത്. വിദ്യാർത്ഥികളെ ഈ വിവരങ്ങൾ മുൻകൂട്ടി ധരിപ്പിക്കേണ്ടതാണ്.

30. സ്കോൾ കേരള വഴി അഡീഷണൽ മാത്സിന് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ നിന്ന് പരീക്ഷാഫീസ് ശേഖരിക്കുകയും അവരെ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുകയും ചെയ്യുക.

VIII. ചീഫ് സൂപ്രണ്ടുമാരുടെ ചുമതലകൾ

ചീഫ് സൂപ്രണ്ട് ഇനിപ്പറയുന്നവ ചെയ്യണം.

1. പ്രായോഗിക മൂല്യനിർണ്ണയവും ആത്യന്തിക മൂല്യനിർണ്ണയവും സുഗമമായി നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
2. പരീക്ഷയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുക.
3. സ്കൂളിൽ വിതരണം ചെയ്ത ഉത്തരക്കടലാസുകളുടെയും സി.വി.കവറുകളുടെയും അക്കൗണ്ട് സൂക്ഷിക്കുക.
4. ഉത്തരകടലാസിൻറെ അഭിമുഖ ഷീറ്റിലും അഡീഷണൽ ഷീറ്റിലും മോണോഗ്രാം പതിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. കൂടാതെ പരീക്ഷാർത്ഥി പരീക്ഷ എഴുതി പൂർത്തിയാക്കിയ സ്ഥലത്തിന് തൊട്ടുതാഴെയുള്ള സ്ഥലത്ത് മോണോഗ്രാം പതിപ്പിക്കുക.
5. ഇരട്ടമൂല്യനിർണയം നടത്തുന്ന വിഷയങ്ങളുടെ ബാർകോഡഡ് ഉത്തരകടലാസുകളിൽ മോണോഗ്രാം പതിപ്പിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തുക.
6. ചോദ്യപേപ്പർ കെട്ടുകൾ ഡെപ്യൂട്ടി ചീഫുമാരുടെ സാന്നിധ്യത്തിൽ ഏറ്റുവാങ്ങുക.
7. ചോദ്യപേപ്പറുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക കൂടാതെ ചോദ്യപേപ്പർ സൂക്ഷിക്കുന്ന അലമാരയുടെ ഒരു പൂട്ടിൻറെ താക്കോൽ കൈവശം സൂക്ഷിക്കുക.
8. പരീക്ഷ സുഗമമായി നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
9. പ്രായോഗിക മൂല്യനിർണ്ണയത്തിനും ടെർമിനൽ മൂല്യനിർണ്ണയത്തിനും ആവശ്യമായ സ്റ്റേഷനറിയും വസ്തുക്കളും വാങ്ങി സൂക്ഷിക്കുക.
10. ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാർ, ഇൻവിജിലേറ്റർമാർ, എക്സ്റ്റേണൽ എക്സാമിനർമാർ പരീക്ഷാഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട മറ്റ് ജീവനക്കാർ എന്നിവരുടെ മേൽനോട്ടവും നിയന്ത്രണവും നടത്തുക.
11. പരീക്ഷാക്രമക്കേടുകളുടെ കാര്യത്തിൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുക.
12. ഇൻവിജിലേറ്റർമാരുടെ പക്കൽ നിന്നും ഉത്തരകടലാസുകൾ സ്വീകരിച്ച് നിർദ്ദേശങ്ങൾക്കനുസരിച്ച് പായ്ക്ക് ചെയ്ത് നിശ്ചയിക്കപ്പെട്ട മൂല്യനിർണ്ണയ ക്യാമ്പുകളിലേക്ക് സമയബന്ധിതമായി അയയ്ക്കുക.
13. ജീവനക്കാരുടെ ടി.എ/ഡി.എ, പ്രതിഫലം ,സ്കൂബിന്റെ പ്രതിഫലം എന്നിവ വിതരണം ചെയ്യുക.
14. പരീക്ഷയുമായി ബന്ധപ്പെട്ട് ചെലവുകളുടെ എല്ലാ അക്കൗണ്ടുകളും പരിപാലിക്കുക. പരീക്ഷാ നടത്തിപ്പിനായി അനുവദിച്ച മുൻകൂർ തുക തീർപ്പാക്കുന്നതിന് പ്രിൻസിപ്പാളും പകരം അനുവദിക്കപ്പെട്ട ചീഫ് സൂപ്രണ്ടും സംയുക്തമായി ഉത്തരവാദിയായിരിക്കും.

IX. ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരുടെ ചുമതലകൾ

1. ചീഫ് സൂപ്രണ്ടിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കുകയും എല്ലാ സഹായസഹകരണങ്ങളും നൽകുകയും ചെയ്യുക.
2. ചീഫ് സൂപ്രണ്ടിൻറെ താൽക്കാലിക അഭാവത്തിൽ ചീഫ് സൂപ്രണ്ട് ആയി പ്രവർത്തിക്കുക.
3. എന്തെങ്കിലും ക്രമക്കേടോ നിയമലംഘനമോ ശ്രദ്ധയിൽപെട്ടാൽ പരീക്ഷാസെക്രട്ടറിക്ക് നേരിട്ട് റിപ്പോർട്ട് നൽകുക. ഫോൺ മുഖേന അറിയിക്കുകയും അതേ ദിവസം തന്നെ വിശദമായ റിപ്പോർട്ട് പരീക്ഷാ സെക്രട്ടറിക്ക് നൽകുകയും ചെയ്യുക.
4. ചോദ്യപേപ്പർ സ്വീകരിക്കുവാൻ പരീക്ഷാ സെൻററിൽ ഹാജരാകുകയും ആവശ്യാനുസരണം ചോദ്യപേപ്പർ ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക. ചോദ്യപേപ്പറിൻറെ സീലുകൾ പരിശോധിക്കുകയും കേടുപാടുകൾ സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുകയും ചെയ്യുക. പരീക്ഷാ ദിവസങ്ങളിൽ ചോദ്യപേപ്പറുകൾ തുറക്കുന്ന സമയത്തും സീലിന് കേടുപാടുകൾ സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

5. ചോദ്യപേപ്പറുകൾ ഡബിൾ ലോക്കർ സൗകര്യമുള്ള രണ്ട് താക്കോലുകൾ ഉപയോഗിച്ച് മാത്രം തുറക്കാവുന്ന പ്രത്യേക ലോക്കറിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക. ഒരു പൂട്ടിൻറെ താക്കോൽ സീനിയർ ആയിട്ടുള്ള ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് സൂക്ഷിക്കേണ്ടതാണ്.
6. പരീക്ഷാഹാളിലെ ഇരിപ്പിടക്രമീകരണങ്ങൾ മാർഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചാണോ എന്ന് പരിശോധിക്കുക.
7. ചോദ്യപേപ്പർ സൂക്ഷിക്കുന്ന ലോക്കർ തുറക്കുന്ന സമയത്തും അടയ്ക്കുന്ന സമയത്തും ഉണ്ടായിരിക്കുകയും രജിസ്റ്ററിൽ ഒപ്പ് വച്ച് സാന്നിധ്യം ഉറപ്പ് വരുത്തുകയും ചെയ്യുക.
8. പരീക്ഷ നടക്കുമ്പോൾ എല്ലാ മുറികളും സന്ദർശിക്കുകയും ഇൻവിജിലേറ്റർമാർ അവരുടെ ചുമതലകൾ നിയമാനുസൃതമായി നിർവ്വഹിക്കുന്നു എന്നും വിദ്യാർത്ഥികൾ പരീക്ഷാക്രമക്കേടുകൾ നടത്തുന്നില്ല എന്നും ഉറപ്പാക്കുക.
9. പരീക്ഷാദിവസങ്ങളിൽ ഇൻവിജിലേറ്റർമാർക്ക് സീനിയർ ഡെപ്യൂട്ടി ചീഫ് ചുമതലകൾ നിശ്ചയിക്കുക.

X. ഇൻവിജിലേറ്റർമാരുടെ ചുമതലകൾ

1. ഇൻവിജിലേറ്റർമാർ എല്ലാ ദിവസങ്ങളിലും പരീക്ഷ ആരംഭിക്കുന്നതിന് **45** മിനിട്ട് മുൻപ് പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ്. പരീക്ഷ തുടങ്ങുന്നതിന് **30** മിനിട്ട് മുൻപ് പരീക്ഷാഹാളിൽ ഹാജരാകേണ്ടതാണ്.
2. ചീഫ് സൂപ്രണ്ട് ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ചുമതലകൾ നിർവ്വഹിക്കുക.
3. പരീക്ഷയുടെ അച്ചടക്കവും അന്തസും നിലനിർത്തുവാൻ ഉത്തരവാദിത്തമുണ്ടാകേണ്ടതാണ്. പരീക്ഷ നടന്നുകൊണ്ടിരിക്കുമ്പോൾ വിദ്യാർത്ഥികളെ പരീക്ഷാഹാളിനുള്ളിൽ സഞ്ചരിക്കാൻ അനുവദിക്കരുത്.
4. പരീക്ഷാഹാളിലും ഫർണിച്ചറുകളിലും എഴുത്തുകളും പോസ്റ്ററുകളും ഇല്ല എന്ന് ഉറപ്പ് വരുത്തുക.
5. ഡബിൾ വാല്വേഷൻ ഉത്തരക്കടലാസ് ഒഴികെയുള്ള മെയിൻ അഡീഷണൽ ഉത്തരക്കടലാസുകളിൽ മോണോഗ്രാം ഉണ്ടെന്ന് ഉറപ്പ് വരുത്തുക.
6. ആദ്യബെല്ലിന് ശേഷം വിദ്യാർത്ഥികളെ ഹാളിൽ പ്രവേശിപ്പിക്കുകയും അഡ്മിഷൻ ടിക്കറ്റിലെ ഫോട്ടോ പരിശോധിച്ച് വിദ്യാർത്ഥികളെ തിരിച്ചറിയേണ്ടതുമാണ്.
7. ഇരിപ്പിടം ക്രമീകരിച്ചതിന് അനുസൃതമായാണോ വിദ്യാർത്ഥികൾ ഇരിക്കുന്നത് എന്ന് ഉറപ്പാക്കുക.
8. രണ്ടാം ബെല്ലിന് ശേഷം മെയിൻ ഉത്തരക്കടലാസ് തീയതി വച്ച് ഒപ്പിട്ടശേഷം വിദ്യാർത്ഥികൾക്ക് നൽകുക.
9. വിദ്യാർത്ഥികൾ ഫെയ്സിംഗ് ഷീറ്റിലെഴുതിയ രജിസ്റ്റർ നമ്പർ അക്കത്തിലും അക്ഷരത്തിലും എഴുതിയത് ശരിയാണോ എന്ന് അഡ്മിഷൻ ടിക്കറ്റുമായി ഒത്തുനോക്കി പരിശോധിക്കുക.
10. പരീക്ഷാർത്ഥികൾക്ക് അന്നേ ദിവസം അതേ സെഷനിൽ ഉള്ള പരീക്ഷയുടെ ചോദ്യപേപ്പർ പാക്കറ്റാണ് എന്നുള്ളത് ഉറപ്പാക്കുക. പരീക്ഷാഹാളിലെ രണ്ട് പരീക്ഷാർത്ഥികളുടെ ഒപ്പ് ശേഖരിച്ചതിന് ശേഷം ചോദ്യപേപ്പർ പാക്കറ്റ് തുറക്കുക. ചോദ്യപേപ്പർ പാക്കറ്റിൽ ഒപ്പ് ചാർത്തുന്നതിന് നൽകിയ സ്ഥലത്ത് ഒപ്പിടേണ്ടതാണ്.
11. ഓരോ പരീക്ഷാർത്ഥിക്കും ഉചിതമായ ചോദ്യപേപ്പറുകൾ മൂന്നാമത്തെ ബെൽ മുഴങ്ങുമ്പോൾ നൽകുക.
12. പരീക്ഷ ആരംഭിച്ച് **30** മിനിറ്റിന് ശേഷം ഒരു പരീക്ഷാർത്ഥിയും പരീക്ഷാഹാളിൽ പ്രവേശിച്ചിട്ടില്ലെന്നും പരീക്ഷ പൂർത്തിയാകുന്നതിന് **30** മിനിറ്റിന് മുൻപും ഒരു പരീക്ഷാർത്ഥിയും പരീക്ഷാഹാളിൽ നിന്നും പുറത്ത് പോകുന്നില്ല എന്നും ഉറപ്പുവരുത്തുക.
13. ക്രമക്കേടുകൾ നടത്തുന്നതിന് സഹായിക്കുന്ന മെറ്റീരിയൽസ്/ഉപകരണങ്ങൾ ഒന്നും തന്നെ പരീക്ഷാർത്ഥി പരീക്ഷാഹാളിൽ കൊണ്ടുവന്നിട്ടില്ല എന്ന് ഉറപ്പുവരുത്തുക.
14. പരീക്ഷാർത്ഥികൾക്ക് പരീക്ഷാഹാളിൽ ബാഹ്യസഹായം ലഭ്യമാകുന്നില്ല എന്നും പരീക്ഷാർത്ഥികൾ തമ്മിൽ ചർച്ചകൾ നടത്തുന്നില്ല എന്നും ഉറപ്പുവരുത്തുക.
15. ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കാലതാമസം കൂടാതെ ചീഫ് സൂപ്രണ്ടിൻറെ ശ്രദ്ധയിൽപ്പെടുത്തുക.
16. ആവശ്യാനുസരണം അധികഷീറ്റുകൾ നൽകി അതിൻറെ അക്കൗണ്ട് സൂക്ഷിക്കുക.
17. പുതിയ അധികഷീറ്റുകൾ നൽകുന്നതിന് മുൻപായി ഇതുവരെ നൽകിയ ഷീറ്റുകൾ പൂർണ്ണമായും ഉപയോഗിച്ചുവെന്ന് ഉറപ്പുവരുത്തുക.
18. പരീക്ഷയിലുടനീളം ജാഗ്രത പാലിക്കുക. പരീക്ഷ നടക്കുമ്പോൾ ഹാളിൽ നിന്ന് പുറത്തുപോകാതിരിക്കുക.
19. ഇൻവിജിലേറ്റർ എന്ന നിലയിൽ പരീക്ഷാഹാളിൽ അവരവരുടെ ചുമതലകൾ തടസപ്പെടുത്തുന്ന ഒരു പ്രവർത്തനത്തിലും ഏർപ്പെടാതിരിക്കുക.

20. പ്രധാന ഉത്തരപുസ്തകത്തിൽ ഘടിപ്പിച്ചിട്ടുള്ള അധിക ഷീറ്റുകളുടെ എണ്ണം അഭിമുഖ ഷീറ്റിൽ നൽകിയിരിക്കുന്ന സ്ഥലത്ത് എഴുതിയിട്ടുള്ളത് പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുക.
21. പരീക്ഷ എഴുതുന്നതിന് അനുവദിച്ച സമയം കഴിയുമ്പോൾ ഉത്തരക്കടലാസുകൾ ശേഖരിക്കുകയും ആയത് ചീഫ് സൂപ്രണ്ട്/ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടിന് കൈമാറുകയും ചെയ്യുക.

XI. ക്ലാർക്ക്

പരീക്ഷയുടെ നടത്തിപ്പിന് സഹായിക്കുന്നതിന് പ്രിൻസിപ്പാൾ ഒരു ക്ലർക്കിനെ നിയമിക്കേണ്ടതാണ്. പരീക്ഷയുടെ ബന്ധപ്പെട്ട എല്ലാ ക്ലറിക്കൽ ജോലികൾക്കും അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിനും ചീഫ് സൂപ്രണ്ടിന്റെ നിർദ്ദേശപ്രകാരം ഉത്തരക്കടലാസുകൾ പാക്ക് ചെയ്യുന്നതിനും ക്ലർക്ക് പ്രിൻസിപ്പാളിനെ സഹായിക്കേണ്ടതാണ്.

XII. ഓഫീസ് അസിസ്റ്റൻറ്

